**അടിയന്തരപ്രമേയ നോട്ടീസ്:**

മി. ഡെപ്യൂട്ടി സ്പീക്കർ: യൂത്ത് കോൺഗ്രസിന്റെ സംസ്ഥാന ഉപാദ്ധ്യക്ഷൻ ശ്രീ. കെ. എസ്. ശബരീനാഥനെ കൊലപാതകശ്രമ ഗൂഢാലോചനാകേസിൽപ്പെടുത്തി അറസ്റ്റ് ചെയ്ത നടപടിയെക്കുറിച്ചാണ് ഇന്നത്തെ അടിയന്തതരപ്രമേയ നോട്ടീസ്. ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ശ്രീ. പി. രാജീവിന് കാര്യങ്ങൾ വിശദീകരിക്കാവുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 52(vii)-ൽ പ്രമേയം അവതരിപ്പിക്കുന്നതിനുള്ള അവകാശത്തിന്മേലുള്ള നിയന്ത്രണങ്ങൾ എന്നതിൽ "ഇന്ത്യയുടെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല" എന്ന് സൂചിപ്പിച്ചിട്ടുണ്ട്. ചട്ടം അങ്ങനെ നിൽക്കുമ്പോൾ കീഴ്വഴക്കങ്ങൾ ഉന്നയിക്കാറുണ്ട്. നേരത്തേ പല ഘട്ടങ്ങളിലും ഇത്തരത്തിൽ കോടതിയുടെ വിചാരണ കാത്തിരിക്കുന്ന വിഷയങ്ങൾ ചർച്ചചെയ്തുവെന്ന്

വാദത്തിനായി പറയാറുമുണ്ട്. 1988 മാർച്ച് 21-ലെ സ്പീക്കറുടെ ഒരു റൂളിംഗിൽ ഇതുസംബന്ധിച്ച് വ്യക്തമാക്കുന്നുണ്ട്. ചട്ടപ്രകാരം കോടതിയുടെ പരിഗണനയിൽ നിൽക്കുന്ന വിഷയങ്ങൾ ചർച്ചചെയ്യാൻ പാടില്ല, എന്നാൽ ഒരു പ്രശ്നവും ചർച്ചചെയ്തുകൂടായെന്ന് ചെയറിന്റെ റൂളിംഗ് കൊണ്ട് ഉദ്ദേശിക്കുന്നില്ല. എന്തെങ്കിലും സംഘർഷാവസ്ഥ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ടെങ്കിൽ അത് ചർച്ച ചെയ്യാമെന്നാണ് 1988-ലെ റൂളിംഗ് വ്യക്തമാക്കുന്നത്. എന്നാൽ ഇവിടെ ലഭ്യമായ വിശദീകരണ കുറിപ്പിൽ അത്തരം കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ല. എന്നുമാത്രമല്ല, കോടതി പരിശോധിച്ച് ജാമ്യം അനുവദിച്ചിരിക്കുന്ന പ്രശ്നത്തെ സംബന്ധിച്ചുപോലും ഈ നോട്ടീസിൽ ഉന്നയിച്ചിട്ടുണ്ട്. വളരെ പ്രാധാന്യമുള്ള, അന്വേഷണത്തിലിരിക്കുന്ന ഒരു വിഷയം സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തുനിന്നോ, പ്രതിപക്ഷത്തുനിന്നോ സഭയിൽ പ്രസ്താവന നടത്താൻ അനുവദിച്ചാൽ, സ്വാഭാവികമായും നിലവിലിരിക്കുന്ന ആ സുപ്രധാന കേസിനെ നേരിട്ടോ പരോക്ഷമായോ ബാധിക്കുന്ന വിമർശനങ്ങളുണ്ടാകുമെന്നതുകൊണ്ടുതന്നെ അത് അനുവദിക്കാൻ നിവൃത്തിയില്ല എന്ന കാരണംകൊണ്ടാണ് അനുമതി നൽകാത്തതെന്നാണ്

1988-ലെ റൂളിംഗിൽ പറയുന്നത്. പ്രസ്തുത റൂളിംഗ് വളരെ സ്പെസിഫിക്കാണ്. വളരെ ഗൗരവമേറിയ ഒരു കേസിനെ ബാധിക്കുന്ന രൂപത്തിലുള്ള ചർച്ചകൾ അപ്പുറത്തുനിന്നോ ഇപ്പുറത്തുനിന്നോ വരുന്നത് കേസിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാലും ഇതുസംബന്ധിച്ച ചട്ടം വളരെ കൃത്യമായതിനാലും അടയന്തരപ്രമേയ നോട്ടീസ് പരിഗണിക്കാവുന്ന വ്യവസ്ഥകൾക്കുള്ളിൽ ഈ വിഷയം ഉൾപ്പെടുന്നില്ല എന്നറിയിക്കുയാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സാധാരണയായി ചട്ടങ്ങൾ ഉന്നയിക്കാറുണ്ട്. അദ്ദേഹം പറഞ്ഞതുപോലെ കീഴ്‌വഴക്കങ്ങളല്ല, ചട്ടങ്ങൾതന്നെയാണ് മുന്നിട്ടുനിൽക്കുന്നത്. പക്ഷേ കേരള നിയമസഭയ്ക്ക് കീഴ്‌വഴക്കം വളരെ പ്രധാനപ്പെട്ട ഘടകമാണ്. 2011 മുതൽ 2016-വരെ ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുമ്പോഴും സോളാർ കേസിൽ 7 പ്രാവശ്യം റൂൾ 50 പരിഗണിക്കപ്പെട്ടിട്ടുണ്ട്. അതുപോലെതന്നെ ബാർ കോഴക്കേസും കോടതിയുടെ പരിഗണനയിലിരിക്കെത്തന്നെ 4 പ്രാവശ്യം റൂൾ 50 ആയി പരിഗണിക്കപ്പെട്ടിട്ടുണ്ട്. നമ്മുടെ സൗകര്യത്തിനുവേണ്ടി ചട്ടങ്ങളും കീഴ്‌വഴക്കങ്ങളും ഉദ്ധരിക്കുന്ന ഒരു സമീപനം ശരിയല്ല. ഗൗരവതരമായ

കാര്യങ്ങൾ ഉന്നയിക്കാനുള്ള അവസരം നൽകുകയെന്നതാണ് ഈ സഭയുടെ പണ്ടുമുതലേയുള്ള കീഴ്വഴക്കം. വിഷയം ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ളത് ഗവൺമെന്റും ബഹുമാനപ്പെട്ട ചെയറും തീരുമാനിക്കേണ്ട കാര്യമാണ്, അത് നിങ്ങളുടെ വിവേചനാധികാരമാണ്. പക്ഷേ നോട്ടീസ് കൊടുത്ത് പ്രസ്തുത വിഷയം അവതരിപ്പിക്കാനുള്ള അവകാശം പ്രതിപക്ഷത്തിന്റെ ഒരു പ്രിവിലേജ് കൂടിയാണ്. കേസിനെ ബാധിക്കുമോയെന്നതല്ല പ്രധാനപ്പെട്ട പ്രശ്നം, ഒരു വ്യക്തിക്കെതിരെ കള്ളക്കേസ് ചുമത്തി ആ വ്യക്തിയുടെ അവകാശങ്ങൾ ഇല്ലാതാക്കിയെന്നതാണ്. ഈ സഭയിൽ നേരത്തെ അംഗമായിരുന്ന ഒരാൾക്കെതിരെ കള്ളക്കേസ് ചുമത്തിയതിന് എതിരായിട്ടാണ് ഞങ്ങളുടെ വാദം. അതുകൊണ്ട്  ഇവിടെയുണ്ടായ നിരവധിയായ കീഴ്വഴക്കങ്ങൾ മനസ്സിലാക്കിക്കൊണ്ട്, അങ്ങ് നോട്ടീസ് അവതരിപ്പിച്ച് സംസാരിക്കുന്നതിന്  ബഹുമാനപ്പെട്ട അംഗം ഷാഫി പറമ്പിലിന് അനുമതി നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അടിയന്തരപ്രമേയ വിഷയം ചർച്ച ചെയ്യണമോ വേണ്ടയോയെന്ന് തീരുമാനിക്കേണ്ടത് പ്രതിപക്ഷമല്ല, ബഹുമാനപ്പെട്ട ചെയറും സർക്കാരുമാണ്. ഞങ്ങളുടെ ഈ അവകാശം

ആവർത്തിച്ചാവർത്തിച്ച് നിഷേധിക്കപ്പെടുന്നത് ശരിയല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ ഈ നോട്ടീസിൽ ഉന്നയിച്ചിരിക്കുന്നത്, ഒരു ക്രിമിനൽ കേസ് രജിസ്റ്റർചെയ്ത് ആരോപണ വിധേയനായ വ്യക്തിയെ അറസ്റ്റുചെയ്തതും കോടതിയിൽ ഹാജരാക്കിയതും ഉപാധികൾക്ക് വിധേയമായി ജാമ്യം ലഭിച്ചതുമായ ഒരു സാധാരണ നിയമനടപടിയെ സംബന്ധിച്ചാണ്. കോടതി ഇക്കാര്യത്തിൽ വിശദമായ വാദം കേൾക്കാനിരിക്കുകയുമാണ്. മാത്രമല്ല, ഇക്കാര്യത്തിൽ ഏതെങ്കിലുംതരത്തിലുള്ള അടിയന്തര പ്രാധാന്യം കാണുന്നുമില്ല. ആകയാൽ ചട്ടമനുസരിച്ച് ഈ നോട്ടീസിന് അനുമതി നൽകാൻ നിർവ്വാഹമില്ല. ശ്രീ. ഷാഫി. പറമ്പിലിന് പ്രസ്തുത വിഷയം ആദ്യ സബ്മിഷനായി ഉന്നയിക്കാവുന്നതാണ്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഈ സർക്കാർ നിരന്തരമായി റൂൾ 50 നോട്ടീസിനെ ഭയപ്പെടുകയാണ്. മുഖ്യമന്ത്രിയും ഇരുപത് മന്ത്രിമാരുമുൾപ്പെടെ 99 പേർ ഇവിടെ ഇരുന്നിട്ടും ഒരു വിഷയത്തിൽ നോട്ടീസ് അവതരിപ്പിച്ച് സംസാരിക്കുന്നതിനെ ഭയപ്പെടുകയാണ്. ഞങ്ങളുടെ ഭാഗത്തും നേരത്തേയുള്ള

ഒരു മുഖ്യമന്ത്രി ഇരിക്കുന്നുണ്ട്...

മി. ഡെപ്യൂട്ടി സ്പീക്കർ: വിഷയം ആദ്യ സബ്മിഷനായി അവതരിപ്പിക്കാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറയട്ടേ, സംസാരിക്കാനുള്ള എന്റെ അവകാശം ഒഴിവാക്കാൻ കഴിയില്ലല്ലോ, പ്രതിപക്ഷത്ത് ഒരു മുൻമുഖ്യമന്ത്രി ഇരിക്കുന്നുണ്ട്, അദ്ദേഹത്തിന്റെ ഭരണകാലത്ത് രണ്ടും മൂന്നും നാലും .... ആറും ഏഴും പ്രാവശ്യം ഒരേ വിഷയംതന്നെ അടിയന്തരപ്രമേയ നോട്ടീസിൽവന്നിട്ടും അദ്ദേഹം അപ്പോഴൊക്കെയും പ്രസ്തുത വിഷയം സഭയിൽ അവതരിപ്പിക്കാനുള്ള അനുമതി നൽകിയിരുന്നു. എന്നാൽ ഇന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റെ വകുപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ വരുമ്പോൾ, അല്ലെങ്കിൽ അദ്ദേഹത്തിനെതിരെ ചോദ്യങ്ങളുയരുന്ന ഘട്ടങ്ങളിലെല്ലാം ഒളിച്ചോടുകയാണ്. അദ്ദേഹത്തിന് ഭീതിയാണ്, ഒരു ഭീരുവിനെപ്പോലെ മുഖ്യമന്ത്രി പെരുമാറുകയാണ്. ഈ വിഷയം ഈ സഭയിൽ ചർച്ചചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(അടിയന്തരപ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം സഭവിട്ട് പുറത്തുപോയി. സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനുശേഷം വീണ്ടും സഭയിൽ ഹാജരായി.)